**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **15-03-2022 - ൽ മറുപടിയ്ക്ക്**

**ലാബ് അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യമായ ലാബ് അസിസ്റ്റന്റുമാരുടെ സേവനം സർക്കാർ കോളേജുകളിൽ ലഭിക്കുന്നില്ല എന്ന വിഷയം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ, സർക്കാർ കോളേജുകളിൽ ലാബ് അറ്റൻഡർ തസ്തികയാണ് നിലവിലുള്ളത്. സ്റ്റാഫ് പാറ്റേണിന് ആനുപാതികമായി തസ്തിക നിലവിലില്ലാത്ത കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അനുവദനീയമായ തസ്തികകളിൽ ഒഴിവ് ഉള്ളത് പരിശോധിച്ചിട്ടുണ്ടോ; ആയത് നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | അനുവദനീയമായ അറ്റൻഡർ തസ്തികയിൽ 28.02.2022 – ന് വിരമിക്കൽ മൂലമുണ്ടായ ഒരു ഒഴിവ് മാത്രമാണ് നിലവിലുള്ളത്. ടി തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ലാബ് അസിസ്റ്റന്റുമാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതിനാൽ കോളേജുകളിലെ ലാബ് പരീക്ഷകൾക്ക് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പരീക്ഷ സമയത്ത് ലാബ് അറ്റൻഡർമാരെ മറ്റ് ജോലികൾക്ക് നിയോഗിക്കാറില്ല. അത്തരം വിഷയം സംബന്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ലാബ് അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവികൾ നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ കോളേജുകളിലെ അറ്റൻഡർ നിയമനവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ